**നം. പി. എൽ(2)/46833/08**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 30.11.10

**സർക്കുലർ**

**വിഷയം:-** കേന്ദ്രാവിഷ്കൃത പദ്ധതി സംസ്കൃത വിദ്യാഭ്യാസ വികസനം-സ്കോളർഷിപ്പ് **വിതരണം** സംബന്ധിച്ച്

**സൂചന:-** ഈ ഓഫീസിലെ 18.10.10-ലെ ഇതേ നം. സർക്കുലർ

***************

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും സംസ്കൃത പ്രചാരണ പദ്ധതിയുടെ ഭാഗമായി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് അർഹരായവരെ കണ്ടെത്തുന്നതിനായി പരീക്ഷ നടത്തുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത പരീക്ഷ യു.പി. വിഭാഗത്തിന് ഉപജില്ലാതലത്തിലും, ഹൈസ്കൂൾ വിഭാഗത്തിന് വിദ്യാഭ്യാസ ജില്ലാതലത്തിലും നടത്തേണ്ടതാണ്. 2011 ജനുവരി 27,28 എന്നീ തീയതികളിൽ രാവിലെ 10.30 മുതൽ 11.30 വരെയാണ് പരീക്ഷാ സമയം. 27-ന് ഹൈസ്കൂൾ വിഭാഗത്തിനും, 28-ന് യു.പി.വിഭാഗത്തിനും പരീക്ഷ നടത്തേണ്ടതാണ്. ഒബ്ജക്ടീവ് രീതിയിലെ ചോദ്യപേപ്പറാണ് ഈ പരീക്ഷയ്ക്ക് ഉപയോഗിക്കുന്നത്.

വിദ്യാഭ്യാസ ജില്ലാതലത്തിൽ സ്കോളർഷിപ്പിനായി ഹൈസ്കൂൾ വിഭാഗം ഓരോ ക്ളാസ്സിൽ നിന്നും '20' കുട്ടികളെ വീതവും യു.പി.വിഭാഗവും ഓരോ ക്ളാസ്സിൽ നിന്നും '100' കുട്ടികളെ വീതവും തെരഞ്ഞെടുക്കേണ്ടതാണ്. പരീക്ഷയ്ക്ക് ഓരോ ക്ളാസ്സിൽ നിന്നും '2' കുട്ടികളെ വീതം പങ്കെടുപ്പിക്കേണ്ടതാണ്. സംസ്കൃതം പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ കുറവുള്ള വിദ്യാഭ്യാസ ജില്ലയിൽ നിന്നും 20 കുട്ടികളെ തെരഞ്ഞെടുക്കുന്നതിനാവശ്യമായ എണ്ണം തികയുന്നില്ലായെങ്കിൽ കൂടുതൽ കുട്ടികളെ ഓരോ ക്ളാസ്സിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. യു.പി.വിഭാഗത്തിലും ഇതേ രീതി അനുവർത്തിക്കേണ്ടതാണ്.

യു.പി.വിഭാഗത്തിൽ എ.ഇ.ഒ. തലത്തിൽ പരീക്ഷ നടത്തി, മൂല്യനിർണ്ണയത്തിനുശേഷം വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് 5,6,7, ക്ളാസുകളിൽ നിന്നും അർഹരായ 100 കുട്ടികളുടെ ലിസ്റ്റും ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന ഈ ഓഫീസിൽ എത്തിയ്ക്കേണ്ടതാണ്.

സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുന്നതിന് ജില്ലാ/ഉപജില്ലാ സംസ്കൃത അക്കാഡമിക് കൗൺസിലുകളുടെ സഹായസഹകരണം ആവശ്യപ്പെടാവുന്നതാണ്. പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റ രീതിയിൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാർക്ക്‌ലിസ്റ്റ് മൂന്ന് ദിവസത്തിനകം വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

സംസ്കൃത സ്കൂൾ കുറവായ ഉപജില്ലയിൽ ഓരോ സ്കൂളിൽ നിന്നും ഓരോ ക്ളാസിലേയും താഴെ പറയും പ്രകാരം കുട്ടികളെ പങ്കെടുപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | ആലപ്പുഴ, അമ്പലപ്പുഴ | - | 5 |
| 2. | കോട്ടയം ഈസ്റ്റ്, വെസ്റ്റ്<br>ചങ്ങനാശ്ശേരി, പാമ്പാടി | - | 3 |
| 3. | ഏറ്റുമാനൂർ, പാല<br>രാമപുരം, കൊഴുവനാൽ | - | 3 |
| 4. | വൈക്കം, കുറവിലങ്ങാട് | - | 4 |
| 5. | കാഞ്ഞിരപ്പള്ളി, കറുകച്ചാൽ, ഈരാറ്റുപേട്ട | - | 4 |
| 6. | അരക്കുളം, തൊടുപുഴ, അടിമാലി | - | 3 |
| 7. | കട്ടപ്പന, പീരുമേട്, നെടുങ്കണ്ടം | - | 3 |
| 8. | കൂത്താട്ടുകുളം, മൂവാറ്റുപുഴ,<br>കല്ലൂർക്കാട്,പിറവം | - | 4 |
| 9. | പെരുമ്പാവൂർ, കോതമംഗലം | - | 4 |
| 10. | വയനാട്, വൈത്തിരി, മാനന്തവാടി | - | 3 |
| 11. | ബേക്കൽ, ചെറുവള്ളൂർ,<br>ചിറ്റാരിക്കൽ, ഹോസ്ദുർഗ്ഗ് | - | 3 |
| 12. | കാസർഗോഡ്, കുമ്പള<br>മഞ്ചേശ്വർ | - | 3 |

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**പകർപ്പ്**

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടിക്കുമായി അയക്കുന്നു.

എം.ആർ. 1.12